പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 631 | 30.06.2016-ൽ മറുപടിക്ക്.

## 'ഒരു തൊഴിലാളി - ഒരു ഇ.പി.എഫ്. അക്കൗണ്ട്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാജൻ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് 'ഒരു തൊഴിലാളി - ഒരു ഇ. പി. എഫ്. അക്കൗണ്ട്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ഒരു തൊഴിലാളിയുടെ വ്യത്യസ്ത പി.എഫ്. അക്കൗണ്ട് നമ്പരുകളെ ഏകീകരിച്ച് ഒറ്റ നമ്പരിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ [Universal Account Number (UAN)] എന്ന പുതിയ പദ്ധതി ഇ.പി.എഫ്. ഓർഗനൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) നിർമ്മാണ മേഖലയിലെ തൊഴിലാളികളേയും കരാർ തൊഴിലാളികളേയും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) പൊതുമേഖലാ സ്ഥാപനങ്ങൾ/ നിർമ്മാണ മേഖലയിലെ തൊഴിലാളി സംഘടനകൾ/ പ്രമുഖ നിർമ്മാണ കമ്പനികൾ എന്നീ മേഖലയിലെ തൊഴിലാളികളെ ഇ.പി.എഫ്-ന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും അതനുസരിച്ച് അർഹതപ്പെട്ടവരുടെ അംഗത്വം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്റ്റ് നൽകുന്ന എല്ലാ സ്ഥാപനങ്ങളും (Principal Employer) അതിന്റെ വിശദവിവരങ്ങൾ ഇ.പി.എഫ്. ഓർഗനൈസേഷന്റെ വെബ്സൈറ്റിൽ (www.epfindia.gov.in) പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള |

പോർട്ടലിൽ രേഖപ്പെടുത്തുന്നതിനും അതുവഴി കരാർ തൊഴിലാളികൾക്ക് ഇ.പി.എഫ്-ൽ അംഗത്വം നൽകാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ സൈറ്റുകളിൽ പരിശോധന നടത്തുകയും അർഹതപ്പെട്ടവരെ കണ്ടുപിടിച്ച് പി.എഫ്. അംഗത്വം നിർബന്ധമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ